മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ഡിപ്പാർട്ട്മെണ്ട് കൺട്രോളരുടെ കീഴിലാണോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: മുഴവനുമല്ല. Administrative side മൊക്കെ റവന്യൂഡിപ്പാർട്ട്മെണ്ടിന്റെ കീഴിലാണ്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇങ്ങിനെ രണ്ടു ഡിപ്പാർട്ട്മെണ്ടുകളുടേയും കീഴിലായതു കൊണ്ട് ഇതിനെ സംബന്ധിച്ച് വല്ല ആക്ഷേപവും News paper-ലൊ മറ്റൊ കണ്ടിട്ടുണ്ടൊ?

റാവുസാഹിബ് എ. മാധവപ്രഭു: ആക്ഷേപങ്ങളും ഒരിക്കലുണ്ടായിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചതിൽ ഇപ്പോഴുള്ള സ്ഥിതിതന്നെയാണ് നല്ലതെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അങ്ങിനെ നടന്നു പോകട്ടെ എന്ന് വെച്ചിരിക്കുകയാണ്.

RADIO—LICENSE—DETAILS REGADRING

143. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ബ്രിട്ടീഷിന്ത്യയിൽ റേഡിയൊ ലൈസൻസിനുള്ള പണം പോസ്റ്റാഫീസു വഴിക്കു് അടച്ചാൽ മതിയെന്നുള്ള വസ്തുത ഗവൺമെണ്ടിന്നറിയാമോ;

(ബി) ഇവിടെയും അത്തരത്തിലുള്ള ഒരു സമ്പ്രദായം നടപ്പിലാക്കുവാൻ വല്ല വിരോധവുമുണ്ടൊ?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) അറിയാം.

(ബി) ഇവിടെയും അഞ്ചൽ മുഖേന്നിവഴി അയച്ചാൽ മതി.

മിസ്സിസ് കെ. എം. ആർ. മേനോൻ: ഈ റേഡിയൊ ലൈസൻസിനു ചെയ്യേണ്ട സമയമായാൽ ഉടമസ്ഥന്മാരെ ഒന്നറിയിച്ചുകൂടെ? അല്ലെങ്കിൽ ഒരു ദിവസം താമസം വന്നു എങ്കിൽ ഇരുപത്തഞ്ചുറുപ്പിക ഫൈൻ കെട്ടണമെന്നാണ് പറയുന്നതു്; അതു് വലിയ കഷ്ടമല്ലെ?

റാവുസാഹിബ് എ. മാധവപ്രഭു: അതിനെപ്പറ്റി അന്വേഷിക്കാം.

DEPLORABLE CONDITION OF THE TRICHUR MUNICIPAL ROAD

144. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നു സദയമുണ്ടാകുമോ;

(എ) തൃശ്ശിവപേരൂർ മുനിസിപ്പൽ റോഡിന്റെ ശോചനീയാവസ്ഥ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതസൌകര്യങ്ങളുടെ അഭാവം നിമിത്തം ദിനചര്യം അനുനിമിഷം കൂടെ യാത്രചെയ്യുന്ന എത്ര യാത്രക്കാക്കും വണ്ടികൾക്കുമാണു അപകടങ്ങൾ പറ്റിക്കൊണ്ടിരിക്കുന്നതെന്നുള്ള സത്യാവസ്ഥ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പത്രപംക്തികൾ മുഖേന അറിയുന്നതിനു് ഇടവന്നിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്തുനിവർത്തിയാണ് അതിനു ചെയ്തിട്ടുള്ളതു്;

(ഡി) റോഡുപണിക്കു വല്ലവക്കും കരാറു കൊടുത്തിട്ടുണ്ടൊ;

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ ആക്കില്ലാമാണ്;

(എഫ്) എന്നാണു;

(ജി) എന്തെല്ലാം നിബന്ധനകളോടുകൂടിയാണ്?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) യാത്രക്കാക്കും വണ്ടികൾക്കും അപകടങ്ങൾ പറ്റിക്കൊണ്ടിരിക്കുന്നതായിട്ടുള്ള പ്പോട്ടുകൾ ഒന്നും മുനിസിപ്പാലിറ്റിക്കും ഗവൺമെണ്ടിനും കിട്ടിയിട്ടില്ല. എന്നാൽ റോഡിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ച് പത്രപംക്തികളിൽ എഴുതി കണ്ടിട്ടുണ്ട്.

(സി) റോഡുകൾക്ക് അത്യാവശ്യം വേണ്ട അറ്റകുറ്റങ്ങൾ തീർക്കുന്നതിനു ധനത്തിയിൽ വേണ്ട ഏർപ്പാടു ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കല്ലുകൾ ശേഖരിക്കുന്നതിനു കരാറു കൊടുത്തിട്ടുണ്ട്. റോഡുനന്നാക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നും നേരിട്ടാണു് ചെയ്യുന്നതു്.

(ഇ) കരിങ്കല്ലു ശേഖരം Messrs. Gannon Dunkerly and Co. Ltd. നും, വെട്ടുകല്ലു ശേഖരം മിസ്റ്റർ കെ. എ. ജോസഫ് എന്ന കരാറുകാരനുമാണു് കൊടുത്തിട്ടുള്ളതു്.

(എഫ്) ൧— ൧— ൪ ൧-നാണു ഗവൺമെണ്ടു് ടെണ്ടർ സ്വീകരിച്ചു കല്പനയാക്കിയതു്.

(ജി) കല്ലുകൾ ശേഖരിക്കുന്നതു കരാറുകൊടുത്തു് ഒരു മാസത്തിനുള്ളിൽ തീർക്കണമെന്നും മാരോ റോഡുകളിലേക്കുമുള്ള കല്ലു് അതാതു റോഡുകളിൽ കൊടുക്കണമെന്നുമുള്ള നിബന്ധനകളിന്മേലാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റോഡു നന്നാക്കുന്ന കാര്യത്തിൽ ഫൻർ൫ ജൂലായി ൧-ാംനു-യിലാണു് ടെണ്ടർ സ്വീകരിച്ചു് പാസ്സാക്കിയതു് എന്നു് പറഞ്ഞിട്ടുണ്ടു്. ഇത്രതൈകിയിട്ടു് ടെണ്ടർ വിളിക്കാൻ കാരണമെന്താണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ആദ്യം ഈ റോഡുകളെല്ലാം, പ്രധാന ഭാഗങ്ങൾ കോൺക്രീറു് ചെയ്യാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ടു് ഈ റിപ്പയേഴ്സ് ഉടനെ വേണ്ട എന്നാണു് വിചാരിച്ചതു്. പിന്നെ സിമൻറിൻെറ പ്രയാസം കൊണ്ടും മറ്റും അതു കുറച്ചു് നീണ്ടുപോയി. ട്രാഫിക് അധികമായതുകൊണ്ടും റോഡുകൾ മോശമായിട്ടുണ്ടു്. ഈ സ്ഥിതിയിൽ റോഡുകൾ ഉടനെ നന്നാക്കാൻ തീരുമാനിച്ചു. ഡിപ്പാർട്ടുമെണ്ടിൽനിന്നു് ചെയ്യുവാനാണു് ഒടുവിൽ നിശ്ചയിച്ചതു്. കല്ലുശേഖരം മാത്രം വേറെ ആളെക്കൊണ്ടു് ചെയ്യിക്കുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തുടുവപേരൂർ മുനിസിപ്പാലിറ്റിയിൽനിന്നു് റോഡു നന്നാക്കുന്നതിനു് ആദ്യം ടെണ്ടർ വിളിച്ചതു് എന്നാണു് എന്നു് പറയാമൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഫ ഫ ഫ ധന ഫ ാംതിയതിയാണു്.

മിസ്റ്റർ പി. ശങ്കരമേനോൻ: ആ ടെണ്ടർ ഗവൺമെണ്ടു് സ്വീകരിക്കാതിരിക്കാൻ പ്രത്യേക കാരണം വല്ലതും ഉണ്ടൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഓരോ റോഡും പ്രത്യേകം പ്രത്യേകമായിട്ടാണു് ടെണ്ടർ വിളിച്ചതു്. മുനിസിപ്പാലിറ്റി ശുപാർശ ചെയ്തതു് എല്ലാ വേലകളും ഒരാൾക്കു കൊടുപ്പാനാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഫ ഫ൨ ധന ഫ-ാംതിയ്യതി വിളിച്ചതു് ഫൻർ൫ ജൂലായി ൧-ാംനു-യിലാണു് സ്വീകരിച്ചതു്. ഇതിൻെറ ശരിയായ മലയാള തിയ്യതി ഒന്നു പറയുവാൻ ദയവുണ്ടാകുമൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: മിഥുനം ഒടുവിൽ വരും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇത്ര ദീർഘിക്കുവാൻ കാരണമെന്താണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: കാരണങ്ങളെല്ലാം ആദ്യംതന്നെ ഇവിടെ പറഞ്ഞു കഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആദ്യം പറഞ്ഞ കാരണം കോൺക്രീറു് ചെയ്യുവാൻ ഉള്ള ഉദ്ദേശം കൊണ്ടു് താമസം നേരിട്ട എന്നും, പിന്നീടു് ആ ടെണ്ടർ ധനുമാസത്തിൽ വിളിച്ചു എന്നും, അതു് സ്വീകരിച്ചതു് മിഥുനമാസം അവസാനത്തിലാണെന്നും പറഞ്ഞു. അതു് എങ്ങിനെയാണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ആദ്യം ഓരോ റോഡും പ്രത്യേകം ടെണ്ടർ വിളിച്ചു. മുനിസിപ്പാലിറ്റിയിൽനിന്നും എല്ലാം കൂടി ഒരാൾക്കു് കൊടുക്കുവാൻ ശുപാർശ ചെയ്തപ്പോൾ അതു് സ്വീകരിച്ചില്ല. പിന്നെ അതു് ഡിപ്പാർട്ടുമെണ്ടൽ ആയിട്ടു് ചെയ്യാൻ തീരുമാനിച്ചു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതെന്നാണു് സ്വീകരിച്ചതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ഫൻർ൫ ജൂലായി ൧-ാംനു-യിലാണു്.

മിസ്റ്റർ ജോസു് കെ. വറ്റീസു്: കൌൺസിൽ നിശ്ചയപ്രകാരമല്ല ഓരോ റോഡിനും ടെണ്ടർ വിളിച്ചതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ ജോസു് കെ. വറ്റീസു്: അതു് എന്തുകൊണ്ടംഗീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: കൌൺസിൽതന്നെയാണ് ഒരൊറാർഡർക്ക് കൊടുക്കാൻ ശുപാർശ ചെയ്തത്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഗാനൺഡങ്കർലി കമ്പനിക്കാർ ഏതു ദിക്കുകാരാണ്?

റാവുസാഹിബ്ബ് കെ അയ്യപ്പൻ: അവർ മദ്രാസുകാരാണ്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അവർ കല്ലുശേഖരത്തിനുള്ള വിദഗ്ദ്ധന്മാരായതുകൊണ്ടാണൊ അവർക്ക് കൊടുത്തത്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അവരുടെയായിരുന്നു ലോവസ്റ്റ് ടെണ്ടർ.

മിസ്റ്റർ ജോസ് കെ. വട്ടീസ്: അവരുടെ കയ്യിൽ റോഡുപണിക്ക് പറ്റിയരീതിയിൽ റോളറും മറ്റുമുള്ളതുകൊണ്ട് വിരിക്കുവാനുള്ളതും കൂടി അവർക്ക് കൊടുത്തുകൂടായിരുന്നോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: കഴിയുന്നതും ഗവമ്മെണ്ട് ഒരാളെക്കൊണ്ട് ചെയ്യിക്കണ്ട എന്നാണ് വിചാരിച്ചത്.

മിസ്റ്റർ ജോസ് കെ. വട്ടീസ്: ഈ എല്ലാപണികളും അവരെ ഏല്പിക്കാമായിരുന്നില്ലെ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഞായകരമായും കഴിയുന്നവേഗത്തിലും ചെയ്യിക്കണമെന്നുള്ള ഉദ്ദേശത്തിന്മേലാണ് ഇങ്ങിനെ ചെയ്യിട്ടുള്ളത്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കരിങ്കൽ ശേഖരത്തിനും ഗാനൺ ഡങ്കർലികമ്പനിയെയാണല്ലൊ ഏല്പിച്ചുകൊടുത്തിരിക്കുന്നത്. അവരുടെ ആദ്യത്തെ ടെണ്ടറിന്റെ റേറ്റ് എന്തായിരുന്നു?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: കരിങ്കൽ ശേഖരത്തിനും ടെണ്ടരുണ്ടായിരുന്നില്ല. റോഡിനും ടെണ്ടറുണ്ടായിരുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ റിപ്പെയർ കക്കടകം മുപ്പതാം തിയ്യതിക്ക് മുമ്പ് തീരുമോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: തീരുമെന്നാണ് വിചാരിക്കുന്നത്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഗാനൺ ഡങ്കർലികമ്പനിക്കാർക്ക് കല്ല പൊടിക്കുന്നതിനും പ്രത്യേകം മെഷിനറി ഉണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഉണ്ട്.

മിസ്റ്റർ പി. ശങ്കരമേനോൻ: അതുകൊണ്ടാണൊ അവർക്ക് കൊടുത്തത്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അവരുടെ ടെണ്ടർ ഏറ്റവും കുറഞ്ഞതായതുകൊണ്ടാണ് കൊടുത്തത്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ടെണ്ടർ കൊടുത്തതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി തുശ്ശിവപേരൂർ പോകുകയുണ്ടായിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അതിനു ശേഷം പലപ്പോഴും പോയിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചിൻ സ്റ്റേറ്റിൽ ഉള്ളവരുടെ ടെണ്ടർ ഉണ്ടായിരുന്നുവൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഉണ്ടായിരുന്നു. Messrs ടി. വി. ലാസർ, കെ എം. ഇഗ്നീഷ്യസ് മുതലായി പത്തുപേരുടെ ടെണ്ടർ ഉണ്ടായിരുന്നു. പത്താമത്തെ ആൾ ഗാനൺഡങ്കർലി കമ്പനിക്കാരാണ്.

മിസ്റ്റർ പി. നാരായണമേനോൻ: ഗാനൺഡങ്കർലിയുടെ കൊട്ടേഷൻ എന്താണെന്ന് പറയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ൨൫ ൩%.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചിരാജ്യക്കാരിൽ നിന്നുള്ള ടെണ്ടറുകളിൽ ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതും എത്രയാണെന്ന് പറയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഏറ്റവും കൂടിയത് ൪ ൭ ൫%-ം ഏറ്റവും കുറഞ്ഞത് ൨ ൭ ൫%-ം.

മിസ്റ്റർ പി. നാരായണമേനോൻ: ഗാനൻ ഡങ്കർലിയുടേതെത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ൨ ൪൩%.

മിസ്റ്റർ പി. നാരായണമേനോൻ: വലിയവ്യത്യാസം ഇല്ലാത്ത നിലക്ക് നാട്ടുകാക്ക് കൊടുക്കുകയായിരുന്നില്ലെ നല്ലത് ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അങ്ങിനെയായാൽ വിളിക്കുന്നത് വളരെ കൂടുതലായി എന്നുവരും.

VISIT OF HEADS OF DEPARTMENT TO VYPEEN

145. മിസ്റ്റർ എം. കെ. വർഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) ഏതെല്ലാം വകുപ്പദ്ധ്യക്ഷന്മാരാണ് ൧൯൪൭-ൽ വൈപ്പിൻകര ഔദ്യോഗികമായി സന്ദർശിച്ചിട്ടുള്ളത്;

(ബി) വകുപ്പദ്ധ്യക്ഷന്മാക്ക വൈപ്പിൻകരയിലേക്ക് അനുവദിക്കുന്ന ടി. എ. യുടെ തോതെന്ത്?

റാവുസാഹിബ്ബ് എ. മാധവപ്രഭു:

(എ) (൧) ഡയറക്ടർ ഓഫ് ലൈബ്രറീസ്, (൨) റജിസ്ട്രേഷൻ ആൻറ് അഞ്ചൽ സൂപ്രഡൻറ്, (൩) പരസ്പരസഹായസംഘം റജിസ്ട്രാർ, (൪) സിക്രട്ടറി, കൊച്ചിൻ സ്റ്റേറ്റ് സെയിലേഴ്സ്, സോഫ്ജേഴ്സ് ആൻറ് എയർമെൻസ് ബോർഡ്, (൫) ലേബർ കമ്മീഷണർ, (൬) അധഃകൃത സംരക്ഷകൻ, (൭) പോലീസ് കമ്മീഷണർ, (൮) ദിവാൻ പേഷ്കാർ, (൯) ചീഫ് എഞ്ചിനീയർ, (൧൦) പഞ്ചായത്ത് ഡയറക്ടർ, (൧൧) എക്സൈസ് കമ്മീഷണർ.

(ബി) ഇപ്പോഴത്തെ പോലീസ് കമ്മീഷണരൊഴിച്ച് ബാക്കിയുള്ള വകുപ്പദ്ധ്യക്ഷന്മാക്ക കൊച്ചി സർവ്വീസ് റഗുലേഷനിലെ നിബന്ധനകളും അനുസരിച്ചുള്ള സഞ്ചാരബത്ത യാണാവുന്നതാണ്. ഈ നിരക്ക കൊച്ചി സർവ്വീസ് റഗുലേഷൻ ഇ. അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. പോലീസ് കമ്മീഷണർക്ക മദിരാശിയിലെ നിയമം അനുസരിച്ചാണ് ഈ കൊടുക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: മദ്രാസിലേയും കൊച്ചിയിലേയും ഈ നിരക്ക് തമ്മിൽ നോക്കുമ്പോൾ അതേ rank-ൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാക്ക് ഉള്ള ബത്തയ്ക്ക് എത്ര വ്യത്യാസമുണ്ടെന്ന് പറയാമോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ എം. കെ. രാജാ: കൊച്ചിയിലെ നിരക്കിനേക്കാളും കൂടുതലാണൊ മദ്രാസിലെ നിരക്ക്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതെ.

WITHDRAWAL OF COCOANUT CONTROL IN TRAVANCORE AND BRITISH INDIA

146. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be pleased to state.—

(*a*) is it a fact that the control over cocoanut and cocoanut produce has been withdrawn in Travancore and British India;

(*b*) whether our Government has received any communication about the withdrawal of the control before it is withdrawn;

(*c*) if so, when was that information received by our Government?

Mr. P. Govinda Menon (*Minister for Food and Education*):

(*a*) Yes.

(*b*) and (*c*) A communication was received by this Government on 21st June 1947 from the Resident, Madras States and the controls here were lifted the very same day.

ARTICLE IN THE "DEEPAM" DATED 6TH EDAVAM 1122

147. മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

"ദീപം" ദിനപത്രം ൧൧൨൨ എടവം ൨൦-ാംനു (൧൯൪൭ മേയ് ൨൦-ാംനു) പരസ്യപ്പെടുത്തിയ കൊച്ചിയിലെ പ്രത്യേകിച്ചും എറണാകുളത്തെ ഏറ്റവും നാറാംപിടിച്ച മത്സ്യക്കായ്ത്തൊഴിലാളികളുടെ എഴുതിയിരുന്നതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly